Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 926 KCBC/K-6/KPR/DS*

16.03.2024

# വൈദിക പരിശീലനത്തെക്കുറിച്ചുള്ള പഠനശിബിരം

കൊച്ചി: കേരള കത്തോലിക്ക മെത്രാൻ സമിതിയും തൃശ്ശൂർ പറോക് ഗവേഷണ കേന്ദ്രവും സംയുക്തമായി കേരളത്തിലെ മേജർ സെമിനാരികളിലെ വൈദിക പരിശീലനത്തെ കുറിച്ച് നടത്തുന്ന ത്രിദിന പഠനശിബിരം തിങ്കളാഴ്ച ആരംഭിക്കുന്നു. തൃശ്ശൂർ മേരി മാത മേജർ സെമിനാരിയിലാണ് മാർച്ച് 18 മുതൽ 20 വരെ ഈ പഠനശിബിരം സംഘടിപ്പിച്ചിരിക്കുന്നത് . കെസിബിസി അദ്ധ്യക്ഷൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലിമിസ് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ നിരവധി മെത്രാന്മാരും കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള പ്രതിനിധികളും, വിവിധ മേഖലകളിലെ വിദഗ്ധരും 6 മേജർ സെമിനാരികളുടെ പ്രതിനിധികളും പങ്കെടുക്കുന്നു. സിബിസിഐ പ്രസിഡണ്ട് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഉദ്ഘാടന സമ്മേളനത്തിലും സിറോ മലബാർ സഭയുടെ മേജർ ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്ത സമാപന സമ്മേളനത്തിലും അദ്ധ്യക്ഷം വഹിക്കും. കെസിബിസി സെക്രട്ടറി ജനറൽ അഭിവന്ദ്യ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തും.

ഒന്നര വർഷമായി കേരള കത്തോലിക്കാ സഭയിലെ വൈദിക പരിശീലനത്തെ കുറിച്ച് പറോക് ഗവേഷണ കേന്ദ്രം, കേരള മെത്രാൻ സമിതിയുടെ നിർദേശപ്രകാരം നടത്തിയ ഗവേഷണ പഠനങ്ങളുടെ ഫലങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്. കേരളത്തിലെ സെമിനാരികളിലെ വൈദികാർത്ഥികളുടെയും പരിശീലകരുടെയും വിവിധ രൂപതകളിലെ വൈദികരുടെയും പാസ്റ്ററൽ കൺസിൽ അംഗങ്ങളുടെയും ഇടയിൽ വിപുലമായ സർവ്വേകളും നിരവധി ചർച്ചകളും ഇൻറർവ്യൂകളും മറ്റ് പഠനങ്ങളും നടത്തിയതിന് ശേഷമാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വൈദിക പരിശീലനത്തെ കുറിച്ച് വത്തിക്കാൻ സമീപകാലത്ത് പുറത്തിറക്കിയ പ്രബോധന രേഖകളാണ് പഠനത്തിന്റെ അടിസ്ഥാനം. അവതരിപ്പിക്കുന്ന പഠനങ്ങളോട് പഠന ശിബിരത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾ സംവദിക്കുകയും വൈദിക പരിശീലനം കുടുതൽ മികച്ചതാക്കാനുള്ള നിർദ്ദേശങ്ങൾ മെത്രാൻ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നതാണ്.

കെസിബിസി വൈസ് പ്രസിഡണ്ട് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നേതൃത്വത്തിൽ മെത്രാന്മാരുടെ ഒരു സമിതി ഈ പഠനത്തിനും ഈ വർഷോപ്പിന്റെ സംഘാടനത്തിനും നേതൃത്വം നൽകിവരുന്നു. നവീകരണ വർഷമാചരിക്കുന്ന കേരള സഭക്ക് ഈ പഠനം ഏറെ ഉപകാരപ്രദമാണെന്ന് കഴിഞ്ഞ ശീതകാല സമ്മേളനത്തിൽ കേരള മെത്രാൻ സമിതി വിലയിരുത്തി. പഠന ശിബിരത്തിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി, ഫാ. ജേക്കബ് ജി. പാലക്കപ്പിള്ളി, പറോക് ഗവേഷണ കേന്ദ്രം എക്സിക്യുട്ടിവ് ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ എന്നിവർ അറിയിച്ചു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

VICE-PRESIDENT
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

SECRETARY GENERAL
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

DEPUTY SECRETARY GENERAL
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com